17

# നവകേരളം വാർത്ത

2023 ആഗസ്റ്റ് 1-15 ന്യൂസ്‌ലെറ്റർ

ഓൺലൈൻ വായനയ്ക്ക്

## മഞ്ഞപ്പുഴ-രാമൻപുഴ പുനരുജ്ജീവനത്തിന് കർമപദ്ധതി, ശില്പശാല നടത്തി




ബാലുശ്ശേരി മണ്ഡലത്തിലെ പ്രധാന ജലസ്രോതസായ മഞ്ഞപ്പുഴ-രാമൻ പുഴയുടെ സമഗ്ര വികസന പ്രവർത്തനത്തിന്റെ ഭാഗമായി മണ്ഡലതല ശില്പശാല ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ ജൂലൈ 27 ന് നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ ഉദ്ഘാടനം ചെയ്തു. അഡ്വ. കെ.എം. സച്ചിൻദേവ് എം.എൽ.എ. അധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി.കെ. അനിത പരിപാടിക്ക് സ്വാഗതം ആശംസിച്ചു. കേരളത്തിൽ ആദ്യമായി ബാലുശ്ശേരി മണ്ഡലത്തിലാണ് ജലത്തിലൂന്നിയ സമഗ്ര വികസന പദ്ധതി നടപ്പാക്കുന്നതെന്ന് ഡോ. ടി.എൻ. സീമ പറഞ്ഞു.

ബാലുശ്ശേരി മണ്ഡലത്തിലെ അഞ്ച് പഞ്ചായത്തുകളിലൂടെ ഒഴുകുന്ന മഞ്ഞപ്പുഴ-രാമൻ പുഴ സന്ദർശിച്ചു നവകേരളം കർമപദ്ധതി ടീം തയ്യാറാക്കിയ റിപ്പോർട്ടിന്റെ തുടർ പ്രവർത്തനമായാണ് മണ്ഡലതലത്തിൽ ശില്പശാല സംഘടിപ്പിച്ചത്. ഹരിതകേരളം മിഷൻ ഇടപെടലുകൾ സംബന്ധിച്ച് നവകേരളം കർമപദ്ധതി പ്രോഗ്രാം ഓഫീസർ വി. രാജേന്ദ്രൻ നായർ അവതരണം നടത്തി. ഹരിതകേരളം മിഷൻ അസിസ്റ്റന്റ് കോർഡിനേറ്റർ എബ്രഹാം കോശി 'മഞ്ഞപ്പുഴ-രാമൻ പുഴ പഠന റിപ്പോർട്ട് ഇടപെടൽ സാദ്ധ്യതകൾ' എന്ന വിഷയത്തിൽ അവതരണം നടത്തി. പുഴ സന്ദർശിച്ചു തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൃഷി, വെള്ളപ്പൊക്കനിയന്ത്രണം, ടൂറിസം, ക്ഷീര വികസനം, സ്പോർട്സ് തുടങ്ങിയ സാദ്ധ്യതകൾ പുഴയോടു ചേർന്ന് നടത്താൻ പറ്റിയ സ്ഥലങ്ങൾ, അതിന്റെ ആവശ്യകത, സംയോജന സാദ്ധ്യതകൾ തുടങ്ങിയ വിഷയങ്ങൾ കൈകാര്യം ചെയ്തു. പഞ്ചായത്ത് തലത്തിൽ പദ്ധതിയെ സംബന്ധിച്ച ഇടപെടൽ, സാധ്യതകൾ സംബന്ധിച്ച പ്രതികരണം പുഴയൊഴുകുന്ന അഞ്ച് പഞ്ചായത്തിലെയും പ്രസിഡന്റുമാർ നടത്തി. ശില്പശാലയിൽ 119 പേർ പങ്കെടുത്തു.

## വിദ്യാർത്ഥികളിൽ വിമർശനാത്മക മനോഭാവം വളർത്തിയെടുക്കണം : മന്ത്രി വി ശിവൻകുട്ടി

പാഠപുസ്തകഭാഗങ്ങൾ മനപ്പാഠമാക്കാതെ വിദ്യാർഥികൾ വിമർശനാത്മക മനോഭാവം വളർത്തിയെടുക്കണമെന്ന് വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി. കുന്നത്തൂർ കിഴക്ക് കരിമ്പിൻപുഴ സർക്കാർ എൽ.പി. സ്കൂൾ ബഹുനില കെട്ടിടോദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. വിദ്യാർത്ഥികളെ സ്വയം പ്രശ്നങ്ങൾ പരിഹരിക്കാൻ വിധം പ്രാപ്തരാക്കണം. പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി പ്ലാൻ ഫണ്ടിൽ നിന്നും ഒരു കോടി രൂപ ചെലവിൽ എട്ട് ക്ലാസ് മുറികൾ ഉൾപ്പെടെയാണ് അത്യാധുനിക രീതിയിലുള്ള കെട്ടിടം നിർമിച്ചത്.



## ഹരിത കർമസേന ശുചിത്വ കേരളത്തിന്റെ സൈന്യം : മന്ത്രി എം.ബി. രാജേഷ്



മാലിന്യമുക്ത കേരളം എന്ന ലക്ഷ്യം കൈവരിക്കാൻ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനങ്ങളെ അണിനിരത്തി കൊണ്ടുള്ള പ്രവർത്തനം നടക്കണമെന്ന് തദ്ദേശ സ്വയംഭരണ എക്സൈസ് മന്ത്രി എം.ബി. രാജേഷ്. തൃശ്ശൂർ ജില്ലയിലെ പറപ്പൂക്കര ഗ്രാമപഞ്ചായത്തിലെ ആലത്തൂരിൽ സ്വന്തമായി ഭൂമിയും ഭൂരേഖയും ഇല്ലാത്ത 8 കുടുംബങ്ങൾക്ക് ആധാരം കൈമാറുന്ന ചടങ്ങ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

സർക്കാരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ജനങ്ങളും കൂടിച്ചേർന്ന് മാലിന്യ സംസ്കരണം യാഥാർത്ഥ്യമാക്കണം. ഹരിത കർമസേന എന്നത് ശുചിത്വ കേരളത്തിന്റെ സൈന്യമാണ്. ഓരോ വ്യക്തിയും പങ്കാളികളായാൽ മാത്രമേ സമ്പൂർണ്ണ മാലിന്യമുക്ത കേരളം സൃഷ്ടിക്കാനാകൂ. വീട്ടിലുണ്ടാകുന്ന ജൈവമാലിന്യം വീട്ടിൽ തന്നെ സംസ്കരിക്കാനും അജൈവമാലിന്യം ഹരിത കർമസേനയ്ക്ക് നൽകുവാനും ഓരോ വ്യക്തിയും മുൻകൈ എടുക്കണമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

## സ്കൂളുകളിൽ അനുകൂല പഠനാന്തരീക്ഷം: മന്ത്രി വി. ശിവൻകുട്ടി

സർക്കാർ സ്കൂളുകളുടെ ഉയർന്ന ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും കൂടുതൽ അനുകൂലമായ പഠനാന്തരീക്ഷം സൃഷ്ടിച്ചതായി വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി. വടക്കുംതല സർക്കാർ മോഡൽ ഡി.വി.എൽ.പി. സ്കൂൾ കെട്ടിടോദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. അധ്യാപക കേന്ദ്രീകൃതത്തിൽ നിന്ന് വിദ്യാർത്ഥി കേന്ദ്രീകൃതമായ



പഠനത്തിലേക്കുള്ള മാറ്റം, സാങ്കേതികവിദ്യയുടെ ഉപയോഗം, പുതിയ പാഠ്യപദ്ധതിയുടെയും അധ്യാപന സാമഗ്രികളുടെയും വികസനം എന്നിവയാണ് കേരള വിദ്യാഭ്യാസ മാതൃകയുടെ ശക്തി. ഹൈടെക് ക്ലാസ് മുറികൾ, മികച്ച അക്കാദമിക ഉള്ളടക്കം സൃഷ്ടിക്കൽ, ക്ലാസ്റൂമിന് പുറത്ത് പഠനത്തെ പിന്തുണയ്ക്കുന്നതിനുള്ള സാങ്കേതികവിദ്യയുടെ ഉപയോഗം എന്നിവയും സംസ്ഥാനത്തെ ശ്രദ്ധേയമാക്കുന്നു. സർക്കാരും സമൂഹവും സ്വകാര്യമേഖലയും ഒരുമിച്ച് പ്രവർത്തിച്ചാൽ മികച്ച നേട്ടമുണ്ടാക്കാനാകുമെന്നതിന്റെ ഉദാഹരണമാണ് കേരള മോഡൽ സ്കൂളെന്നും മന്ത്രി കൂട്ടിച്ചേർത്തു.

വിദ്യാഭ്യാസ വകുപ്പിൽ നിന്ന് 50 ലക്ഷവും സുജിത് വിജയൻപിള്ള എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 20.30 ലക്ഷം രൂപയും ഉപയോഗിച്ചാണ് കെട്ടിടനിർമാണം പൂർത്തിയാക്കിയത്. പരിപാടിയിൽ സുജിത്ത് വിജയൻപിള്ള എം.എൽ.എ. അധ്യക്ഷനായി.

## വനസമേതം പച്ചത്തുരുത്തുകളുടെ ജില്ലാതല ഉദ്ഘാടനം നടന്നു

തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെയും ഹരിതകേരളം മിഷന്റെയും സംയുക്ത ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന വനസമേതം പച്ചത്തുരുത്തുകളുടെ ജില്ലാതല ഉദ്ഘാടനം മനക്കൊടി സെന്റ് ജെമ്മാസ് സി.യു.പി.എസിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.കെ. ഡേവീസ് മാസ്റ്റർ നിർവഹിച്ചു. അരിമ്പൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സ്മിത അജയകുമാർ അധ്യക്ഷയായി. നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ സി. ദിദിക പദ്ധതി വിശദീകരണം നടത്തി. അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.കെ. ശശിധരൻ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ബിജു. സി.എ. ഹെഡ്മിസ്ട്രസ് സിസ്റ്റർ ലില്ലി, റിസോഴ്സ് പേഴ്സൺ ചെറിയാൻ സി.ആർ. എന്നിവർ സംസാരിച്ചു.



# പെരുമ്പടപ്പ് ബ്ലോക്കിന്റെ സമഗ്ര വികസന പദ്ധതിക്ക് തുടക്കം

മലപ്പുറം ജില്ലയിലെ പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തും ഹരിതകേരളം മിഷനും സംയുക്തമായി നടപ്പിലാക്കുന്ന സമഗ്ര വികസന പദ്ധതിക്ക് പെരുമ്പടപ്പ് ബ്ലോക്കിൽ തുടക്കമായി. പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഇ. സിന്ധു അധ്യക്ഷത വഹിച്ച ചടങ്ങിൽ നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ ഉദ്ഘാടനം ചെയ്തു. മണ്ണ് വായു ജലസംരക്ഷണ പ്രവർത്തനങ്ങളാണ് പദ്ധതി പ്രകാരം ലക്ഷ്യമിടുന്നത്. ജല




സംരക്ഷണ പ്രവർത്തനത്തിന്റെ ഭാഗമായി ജല ബജറ്റ് തയ്യാറാക്കും. കൂടാതെ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ പദ്ധതിക്കും ആരംഭം കുറിക്കും. ശില്പശാലയിൽ നവകേരളം കർമപദ്ധതി പ്രോഗ്രാം ഓഫീസർ വി. രാജേന്ദ്രൻ, ഹരിതകേരളം മിഷൻ പ്രോഗ്രാം ഓഫീസർ ആർ.വി. സതീഷ്, തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവകലാശാല പരിസ്ഥിതി പഠന വിഭാഗം ഡയറക്ടർ ഡോ. ധന്യ എന്നിവർ വിവിധ വിഷയങ്ങൾ അവതരിപ്പിച്ചു. പെരുമ്പടപ്പ് ബ്ലോക്കിലെ വിവിധ പഞ്ചായത്തുകളിലെ പ്രസിഡന്റുമാർ, വൈസ് പ്രസിഡന്റുമാർ, ജില്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രതിനിധികൾ, വിവിധ വകുപ്പുകളിലെ ജില്ലാ ബ്ലോക്ക്തല ഉദ്യോഗസ്ഥർ എന്നിവർ സംസാരിച്ചു. ബ്ലോക്ക് പഞ്ചായത്ത് ഒ.എൻ.വി. ഹാളിൽ വച്ച് നടന്ന ചടങ്ങിന് ബ്ലോക്ക് പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷ എ.എച്ച്. റംഷീന സ്വാഗതവും വൈസ് പ്രസിഡന്റ് സൗദാമിനി നന്ദിയും പറഞ്ഞു.

# എസ്.എൻ. പോളി ഹരിതകാമ്പസായി

കൊല്ലം ശ്രീനാരായണ പോളിടെക്നിക് കോളേജ് ഹരിത കാമ്പസായി പ്രഖ്യാപിച്ചു. ഈ നേട്ടം കൈവരിക്കുന്ന കേരളത്തിലെ ആദ്യ പോളിടെക്നിക് കോളേജ് ആണിത്. നവകേരളം കർമപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷന്റെ ഏകോപനത്തിൽ ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിന്റയും, കൃഷിഭവന്റെയും സഹായത്തോടെ കഴിഞ്ഞ ഒരു വർഷമായി കോളേജിൽ നടന്നുവന്ന വിവിധ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളായ കൃഷി, മാലിന്യ സംസ്കരണം, ഫലവൃക്ഷത്തോട്ടം, ആധുനിക കൃഷി രീതികൾ അവലംബിച്ചുള്ള ഓപ്പൺ പ്രിസിഷൻ ഫാമിംഗ്, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷന്റെ സഹായത്തോടെയുള്ള വെർട്ടിക്കൽ ഗാർഡൻ, സദാനന്ദപുരം കെ.വി.കെ.യുടെ മൈക്രോ ന്യൂടിയൻ സ്റ്റിക്ക് ഉപയോഗിച്ചുള്ള കൃഷി, പച്ചത്തുരുത്ത്, റൂഫ് ടോപ്പ് കൾട്ടിവേഷൻ, പ്ലാസ്റ്റിക് നിർമാർജനം, കിണർ റീചാർജിങ് ഉറവിട മാലിന്യനിർമാർജനം, വിദ്യാർത്ഥികളുടെ നൂതനമായ കാർഷിക



ഇന്നോവേഷൻ പ്രോജക്ടുകൾ എന്നീ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായാണ് കോളേജ് ഈ നേട്ടം കൈവരിച്ചത്.

എസ്.എൻ. ട്രസ്റ്റ് ട്രഷറർ ഡോ. ജി. ജയദേവന്റെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ നവകേരളം കർമ പദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ ഫലകവും പ്രശസ്തിപത്രവും കോളേജ് പ്രിൻസിപ്പൽ വി. സന്ദീപിന് കൈമാറി. ചടങ്ങിൽ ആദിച്ചനല്ലൂർ പഞ്ചായത്ത് പ്രസിഡന്റ് ഷീല ബിനു ഏറോബിക് കമ്പോസ്റ്റ് യൂണിറ്റ് ഉദ്ഘാടനം നിർവഹിച്ചു.

# ഹരിത കർമസേനയ്ക്ക് ഇലക്ട്രിക് ഓട്ടോ നൽകി

മാലിന്യമുക്ത നവകേരളം പദ്ധതിയുടെ ഭാഗമായി കോട്ടയം ജില്ലയിലെ കല്ലറ ഗ്രാമപഞ്ചായത്തിലെ ഹരിത കർമസേനയ്ക്ക് വാഹനം കൈമാറി. ജില്ലാ പഞ്ചായത്തംഗം ഹൈമി ബോബി പരിപാടി ഉദ്ഘാടനം ചെയ്തു. വീടുകളിൽനിന്ന് പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവമാലിന്യങ്ങൾ ശേഖരിക്കുന്നതിന് ഈ ഓട്ടോ ഉപയോഗപ്പെടുത്തും.



# ശുചിത്വോത്സവം എറണാകുളം ജില്ലാതല ഉദ്ഘാടനം

മാലിന്യമുക്ത നവകേരളം സൃഷ്ടിക്കാൻ കുട്ടികൾക്ക് നൽകുന്ന അവബോധത്തിലൂടെ സാധിക്കുമെന്ന് എറണാകുളം ജില്ലാ കളക്ടർ എൻ.എസ്.കെ. ഉമേഷ് പറഞ്ഞു. ഹരിതകേരളം മിഷൻ തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ശുചിത്വോത്സവത്തിന്റെ ജില്ലാതല ഉദ്ഘാടനം കൂത്താട്ടുകുളം ഗവ. യു.പി. സ്കൂളിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. നഗരസഭ അധ്യക്ഷ വിജയ ശിവൻ അധ്യക്ഷയായി. ഉപാധ്യക്ഷൻ സണ്ണി കുര്യാക്കോസ് മുഖ്യ പ്രഭാഷണം നടത്തിയ യോഗത്തിൽ നവകേരളം കർമപദ്ധതി ജില്ല കോർഡിനേറ്റർ രഞ്ജിനി എസ്. പദ്ധതി വിശദീകരണം നടത്തി.

ഓരോ വിദ്യാലയവും ഹരിത വിദ്യാലയമാക്കുന്നതിന്റെ ഭാഗമായാണ് ജില്ലയിൽ ശുചിത്വോത്സവം സംഘടിപ്പിക്കുന്നത്. നവകേരളം കർമപദ്ധതി, ഹരിത കേരളം മിഷൻ, ജില്ലാ വിദ്യാഭ്യാസ വകുപ്പ്, ശുചിത്വ



മിഷൻ, കുടുംബശ്രീ, തദ്ദേശ സ്വയംഭരണ വകുപ്പ്, കേരള ഖരമാലിന്യ സംസ്കരണ പദ്ധതി, കില എന്നിവയുടെ നേതൃത്വത്തിൽ ജില്ലയിൽ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഹരിത സമൃദ്ധം-ഹരിത വിദ്യാലത്തിലേക്കൊരു ഹരിത ചുവട്. ഇതിന്റെ ഭാഗമായാണ് ശുചിത്വോത്സവം പരിപാടി സംഘടിപ്പിക്കുന്നത്. പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ എൽ.പി., യു.പി വിഭാഗം കുട്ടികളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

# വലിച്ചെറിയൽമുക്ത പഞ്ചായത്തായി വണ്ടൻമേട്

വലിച്ചെറിയൽമുക്ത പഞ്ചായത്തായി പ്രഖ്യാപിക്കപ്പെട്ട വണ്ടൻമേട്ടിൽ നാടിന്റെ മുഖഛായ തന്നെ മാറ്റുന്ന പ്രവർത്തനങ്ങളാണ് നടക്കുന്നത്. പഞ്ചായത്തിന് കീഴിലെ പ്രദേശങ്ങളെല്ലാം മാലിന്യമുക്തമായി പരി



പാലിച്ചുകൊണ്ട് ശുചിത്വരംഗത്ത് മാതൃകയാവുകയാണ് വണ്ടൻമേട്. കുമളി-മൂന്നാർ ദേശീയപാതയിലെ കാലങ്ങളായുള്ള മാലിന്യം വലിച്ചെറിയൽ, സമ്മിശ്ര സംസ്കാരവും വ്യത്യസ്തമായ ജീവിത രീതികളുള്ള ജനസമൂഹം, തോട്ടംമേഖല എന്നിങ്ങനെ വിവിധ കാരണങ്ങളാൽ വണ്ടൻമേട് മാലിന്യപ്രശ്നത്താൽ ഏറെ വലഞ്ഞിരുന്നു. വലിച്ചെറിയൽമുക്ത കേരളം കാമ്പയിന്റെ ഭാഗമായി മൂന്ന് മാസത്തെ നീണ്ട പരിശ്രമം വിജയം കണ്ടതോടെ ജൂൺ 5 നാണ് പഞ്ചായത്തിനെ മാലിന്യമുക്ത പഞ്ചായത്തായി പ്രഖ്യാപിച്ചത്. പഞ്ചായത്തിലെ 18 വാർഡുകളും പൂർണ്ണമായി ശുചീകരിച്ചായിരുന്നു വലിച്ചെറിയൽമുക്ത പ്രഖ്യാപനം. പ്രഖ്യാപനത്തിന് ശേഷം ശുചിത്വം നിലനിർത്താൻ പഞ്ചായത്ത് ആവിഷ്കരിച്ച കർമപദ്ധതികൾ ഫലം കണ്ടതോടെ വണ്ടൻമേട് അക്ഷരാർത്ഥത്തിൽ തന്നെ ശുചിത്വത്തിൽ വണ്ടർഫുൾ മേടായി മാറി.

# വിദ്യാകിരണം ജില്ലാ കോർഡിനേറ്റർമാർക്കായി ശില്പശാല സംഘടിപ്പിച്ചു

2023 ജൂലൈ മാസം 5, 6 തീയതികളിൽ ജില്ലകളിൽ വിദ്യാകിരണം മിഷനിൽ പുതിയതായി നിയമിക്കപ്പെട്ട ജില്ലാ കോർഡിനേറ്റർമാർക്കുള്ള ശില്പശാല തിരുവനന്തപുരത്ത് സംഘടിപ്പിച്ചു. വിദ്യാകിരണം അസിസ്റ്റൻറ് കോർഡിനേറ്റർ ഡോ. സി. രാമകൃഷ്ണൻ വിദ്യാകിരണം മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിച്ചു. മിഷന്റെ മാർഗരേഖ എല്ലാവർക്കും കൈമാറി. വിദ്യാകിരണം മിഷനും എസ്.എസ്.കെ.യും സംയുക്തമായി ചെയ്യേണ്ട പരിപാടികൾ ചർച്ച ചെയ്തു. നിലവിൽ നടന്നുകൊണ്ടിരിക്കുന്ന ഭൗതിക വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ തീരുമാനിച്ചു. അക്കാദമിക ഗുണതാപദ്ധതിയുടെ ഭാഗമായി സംസ്ഥാനതലത്തിൽ ആവിഷ്കരിക്കുന്ന സമഗ്ര ഗുണമേന്മാ പദ്ധതിക്കാവ



ശ്യമായ ജില്ലാതല ഏകോപനം, ശുചിത്വ വിദ്യാലയം ഹരിത വിദ്യാലയം കാമ്പയിൻ പരിപാടിയുടെ ജില്ലാതല ഏകോപനം തുടങ്ങിയവയും കോർഡിനേറ്റർമാരുടെ പങ്കാളിത്തത്തോടെ നടപ്പാക്കും.

# മാലിന്യശേഖരണത്തിന് ഇലക്ട്രിക് ഓട്ടോ, ഹരിതകർമ സേനാംഗങ്ങൾക്ക് സംരംഭം; മാതൃകയായി പെരുവന്താനം ഗ്രാമപഞ്ചായത്ത്

മാലിന്യ പ്രശ്ന പരിഹാരത്തിൽ കൃത്യമായ ഇടപെടൽ നടത്തി മാതൃകയാവുകയാണ് ഇടുക്കി ജില്ലയിലെ പെരുവന്താനം ഗ്രാമപഞ്ചായത്ത്. 19 ഹരിത കർമസേന അംഗങ്ങളുടെ നേതൃത്വത്തിൽ പഞ്ചായത്തിലെ 14 വാർഡുകളിൽ നിന്ന് കൃത്യമായ ഇടവേളകളിൽ മാലിന്യം ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുകയും മാലിന്യം ശേഖരിക്കാൻ ഇലക്ട്രിക് ഓട്ടോ അടക്കം ലഭ്യമാക്കുകയും ഹരിത കർമസേന അംഗങ്ങൾക്ക് സംരംഭം ഒരുക്കിയുമൊക്കെയാണ് പഞ്ചായത്ത് മാതൃകയാവുന്നത്.

അജൈവ മാലിന്യങ്ങൾ സംഭരിക്കുവാനും ശാസ്ത്രീയമായി തരംതിരിച്ച് സംസ്കരിക്കാനുമുള്ള പഞ്ചായത്തിലെ മെറ്റീരിയൽ കളക്ഷൻ സെന്റർ (എം.സി.എഫ്.) മണികല്ലിലാണ് പ്രവർത്തിക്കുന്നത്. കൃത്യമായ ഇടവേളകളിൽ വീടുകളിൽ നിന്നും ഹരിത കർമസേന തരം തിരിച്ചു ശേഖരിക്കുന്ന പ്ലാസ്റ്റിക് എം.സി.എഫിൽ എത്തിക്കുകയും അവിടെ വെച്ച് പുനർചംക്രമണത്തിനു വിധേയമാകുന്നവ അങ്ങനെ ചെയ്തും അല്ലാത്തവ റോഡ് ടാറിങ്ങിനും മറ്റുമായി പൊടിച്ചെടുക്കുകയുമാണ് ചെയ്യുന്നത്. മാലിന്യശേഖരണത്തിന് ഹരിത കർമസേനയ്ക്ക് സ്വന്തമായി ഇലക്ട്രിക് വാഹനവും പെരുവന്താനം ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരുക്കിയിട്ടുണ്ട്. ഹരിതകർമസേന അംഗങ്ങൾക്കായി സംരംഭസാധ്യതയും പഞ്ചായത്ത് തുറന്നിട്ടുണ്ട്. ‘പ്രകൃതി മിത്ര’ എന്ന പേരിൽ പ്രകൃതി സൗഹൃദ ബാഗ് നിർമാണ ടെയ്‌ലറിങ് യൂണിറ്റ് ആരംഭിക്കുക വഴി തൊഴിലവസരം ഒരുക്കുന്നതിനും മാലിന്യസംസ്കരണത്തിന് കൈത്താങ്ങാവുന്നതിനും പഞ്ചായത്തിന് കഴിഞ്ഞു.

# മാവൂർ ഗ്രാമപഞ്ചായത്തിൽ ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രം

കോഴിക്കോട് ജില്ലയിൽ മാവൂർ ഗ്രാമപഞ്ചായത്ത് ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രഞ്ജിത്ത് നാടിനു സമർപ്പിച്ചു. വഴിയാത്രക്കാരായ സ്ത്രീകൾക്കും കുട്ടികൾക്കും, പഞ്ചായത്തിലെ പ്രാദേശിക ടൂറിസം കേന്ദ്രമായ പൊൻപാറയിൽ എത്തുന്നവർക്കും ഉൾപ്പെടെ ഉപകാര പ്രദമാകുന്ന തരത്തിൽ ആണ് ടേക്ക് എ ബ്രേക്ക് വിഭാവനം ചെയ്തത്. ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്തുകൊണ്ട്




ശുചിത്വ മിഷൻ ജില്ലാ കോർഡിനേറ്റർ ഗൗതമൻ കെ.എ.എസ്. സംസാരിച്ചു. സർക്കാർ വിഭാവനം ചെയ്ത രീതിയിൽ ടേക്ക് എ ബ്രേക്ക് നിർമാണം പൂർത്തീകരിച്ച പഞ്ചായത്താണ് മാവൂർ എന്നും ടേക്ക് എ ബ്രേക്കിന്റെ പ്രവർത്തനത്തിൽ എല്ലാവിധ ആശംസകളും നൽകുന്നു എന്ന് അദ്ദേഹം പറഞ്ഞു. ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ അബ്ദുൽ ഖാദർ സ്വാഗതം പറഞ്ഞ പരിപാടിയിൽ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജയശ്രീ ദിവ്യപ്രകാശ് അധ്യക്ഷത വഹിച്ചു.

കോഴിക്കോട് മാവൂർ റോഡിൽ പെരുവയൽ പഞ്ചായത്ത് അതിർത്തിയോട് ചേർന്ന് മലപ്പുറം ഉൾപ്പടെ ഉള്ള സ്ഥലങ്ങളിലേക്ക് എളുപ്പത്തിൽ പോകാൻ സാധിക്കുന്ന പ്രധാന റോഡിൽ പഞ്ചായത്തിന്റെ പ്രാദേശിക ടൂറിസം കേന്ദ്രം കൂടിയായ പൊൻപാറകുന്നിന് സമീപം ആണ് പി.ഡബ്ല്യു.ഡി. വിട്ടു നൽകിയ 5 സെന്റോളം സ്ഥലത്ത് പുരുഷന്മാർക്കും സ്ത്രീകൾക്കും 2 വീതവും ഭിന്നശേഷികാർക്ക് ഒരു ടോയ്‌ലെറ്റും കഫ്റ്റീരിയ ഉൾപ്പടെ 15 ലക്ഷം രൂപ ചിലവിൽ ടേക്ക് എ ബ്രേക്ക് സ്ഥാപിച്ചത്.

# സുരക്ഷിതമാക്കാം പശ്ചിമഘട്ടം-മാപത്തോൺ റിപ്പോർട്ട് പ്രകാശനം ചെയ്തു

പശ്ചിമഘട്ട പ്രദേശങ്ങളിലെ നീർച്ചാലുകളുടെ ശാസ്ത്രീയ നിർണയവും ജനകീയ വീണ്ടെടുപ്പും ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാന സർക്കാർ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടത്തുന്ന ‘സുരക്ഷിതമാക്കാം പശ്ചിമ ഘട്ടം’ കാമ്പയിനിന്റെ ഒന്നാം ഘട്ട പ്രവർത്തനമായ മാപത്തോൺ പ്രവർത്തനങ്ങളുടെ കോഴിക്കോട് ജില്ലാ റിപ്പോർട്ട് പ്രകാശനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷീജ ശശി ജില്ലാ വികസന കമ്മീഷണർ ചെൽസാസിനി ഐ.എ.എസ്. നു കൈമാറി നിർവഹിച്ചു. മാപത്തോൺ പ്രവർത്തനം സംബന്ധിച്ച് നവകേരളം ജില്ലാ




കോർഡിനേറ്റർ ബാലകൃഷ്ണൻ വിശദീകരിച്ചു.

# ചാത്തൻകാവ് തോടിനു പുതുജീവൻ

കോഴിക്കോട് ജില്ലയിലെ കുന്നമംഗലം ഗ്രാമപഞ്ചായത്തിലെ വാർഡ് 12 ലെ ചാത്തൻകാവ് തോടിന് പുതുജീവൻ. മൂന്ന് വർഷത്തോളമായി മണ്ണ് അടിഞ്ഞും മാലിന്യം നിറഞ്ഞും നശിച്ചു കൊണ്ടിരിക്കുകയായിരുന്ന തോട് പഞ്ചായത്തിന്റെ നേതൃത്വത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ സഹായത്തോടെ നീരുറവ് പദ്ധതിയിൽ ഉൾപ്പെടുത്തി വീണ്ടെടുക്കൽ പ്രവർത്തനം നടന്നു വരികയാണ്. കുന്നമംഗലം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ടി.പി. മാധവൻ പദ്ധതി ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്തിൽ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടത്തിയ ജല സാങ്കേതിക സമിതി യോഗത്തിൽ ഈ തോട് വീണ്ടെടുക്കുന്ന കാര്യങ്ങൾ ചർച്ച ചെയ്തിരുന്നു. തുടർന്ന് കൃഷി വകുപ്പും മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും സംയുക്തമായി സ്ഥലം പരിശോധന നടത്തി. സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ ജലബജറ്റ് പ്രവർത്തനത്തിന്റെ തുടർപ്രവർത്തനങ്ങളിലും ചാത്തൻകാവ് തോട് വീണ്ടെടുപ്പ് നടത്താൻ തീരുമാനിച്ചു. ഇതിൽ ആദ്യ ഘട്ടത്തിൽ ഉള്ള പ്രവർത്തനങ്ങൾ ആണ് ഇപ്പോൾ പൂർത്തീകരിച്ചത്.


മുൻപ്


ഇപ്പോൾ

# ഓമല്ലൂർ ഗ്രാമപഞ്ചായത്ത് – പന്നിയാലി ഔഷധ പച്ചത്തുരുത്ത്

പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്തിൽ പന്നിയാലി ഗവൺമെന്റ് യുപി സ്കൂളിൽ പുതിയ ഔഷധസസ്യ പച്ചത്തുരുത്തിന് തുടക്കം കുറിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ജോൺസൺ വിളവിനാൽ ഉദ്ഘാടനം നിർവഹിച്ചു. രണ്ട് സെന്റ് സ്ഥലത്ത് 15 ഇനം തൈകൾ ആണ് ആദ്യ ഘട്ടത്തിൽ നട്ടത്. പച്ചത്തുരുത്ത് തുടർ പരിപാലനം വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ നടത്തും. ഉദ്ഘാടന ചടങ്ങിൽ നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ ജി. അനിൽ കുമാർ പച്ചത്തുരുത്ത് പ്രാധാന്യത്തെപറ്റിയും, തുടർ പ്രവർത്തനങ്ങളെപ്പറ്റിയും വിശദീകരിച്ചു. പച്ചത്തുരുത്ത് സംഘാടകസമിതി രൂപവത്കരിച്ചു. ചടങ്ങിൽ ജനപ്രതിനിധികൾ, വിദ്യാർത്ഥികൾ, സ്കൂൾ അധ്യാപകർ സന്നദ്ധ പ്രവർത്തകർ തുടങ്ങി 50 ഓളം ആളുകൾ പങ്കെടുത്തു.



# ഹരിതം ആരോഗ്യം; ആരോഗ്യ പരിശോധന നടത്തി

ഹരിതം ആരോഗ്യം കാമ്പയിന്റെ ഭാഗമായി തൊണ്ടർനാട്, വെള്ളമുണ്ട ഗ്രാമപഞ്ചായത്തുകളിലെ ഹരിത കർമസേന അംഗങ്ങൾക്ക് ആരോഗ്യ പരിശോധന നടത്തി. നവകേരളം കർമപദ്ധതിയുടെ ഭാഗമായി ഹരിത കേരളം മിഷന്റെയും ആർദ്രം മിഷന്റെയും സംയുക്താഭിമുഖ്യത്തിലാണ് ഹരിതം ആരോഗ്യം കാമ്പയിൻ നടപ്പിലാക്കുന്നത്. വയനാട് ജില്ലയിലെ മുഴുവൻ ഹരിത കർമസേന അംഗങ്ങൾക്കും ആരോഗ്യ പരിശോധന നടത്തുകയാണ് കാമ്പയിന്റെ ലക്ഷ്യം. വെള്ളമുണ്ട ഗ്രാമപഞ്ചായത്ത് കുടുംബശ്രീ ഹാളിൽ നടന്ന മെഡിക്കൽ ക്യാമ്പ് മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.കെ. അമീൻ ഉദ്ഘാടനം ചെയ്തു. തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ആമിന സത്താർ അധ്യക്ഷത വഹിച്ചു. ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് വാതിൽപ്പടി സേവനം നൽകുന്ന ഹരിത കർമസേനാംഗങ്ങളുടെ ആരോഗ്യ പരിരക്ഷ ഉറപ്പാക്കാകുകയാണ് കാമ്പയിന്റെ ലക്ഷ്യം.



# മരുതോങ്കര പഞ്ചായത്തിൽ മാപത്തോൺ അവതരണം

സുരക്ഷിതമാക്കാം പശ്ചിമഘട്ടം-നീർച്ചാലുകളുടെ ജനകീയ വീണ്ടെടുപ്പ് രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി നീർച്ചാൽ മാപിംഗ് പ്രവർത്തനങ്ങളുടെ പഞ്ചായത്ത്തല അവതരണം, തുടർ പദ്ധതികളുടെ ആവിഷ്കരണം എന്നിവയുടെ ഉദ്ഘാടനം നാദാപുരം എം.എൽ.എ ഇ.കെ. വിജയൻ നിർവഹിച്ചു.

പശ്ചിമഘട്ട മലനിരകളിലും താഴ്‌വാരങ്ങളിലും നീർച്ചാലുകളുടെ സംരക്ഷണ പ്രവൃത്തി നടപ്പിലാക്കേണ്ടത് അനിവാര്യമാണെന്ന് അദ്ദേഹം പറഞ്ഞു. കോഴിക്കോട് ജില്ലയിൽ മരുതോങ്കര ഗ്രാമപഞ്ചായത്ത് സാംസ്കാരിക നിലയത്തിൽ നടന്ന പരിപാടിയിൽ കുന്നുമ്മൽ ബ്ലോക്ക് പ്രസിഡന്റ് കെ.പി. ചന്ദ്രി മുഖ്യതിഥിയായി. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കെ. സജിത്ത് അധ്യക്ഷത വഹിച്ച ചടങ്ങിന് പഞ്ചായത്ത് സെക്രട്ടറി ടി.വി. സുനിൽ സ്വാഗതം പറഞ്ഞു.

നവകേരളം ആർ.പി.മാർ, ഗ്രാമപഞ്ചായത്ത് മെമ്പർമാർ, തൊഴിലുറപ്പ് പദ്ധതി ഉദ്യോഗസ്ഥർ, കുടുംബശ്രീ പ്രതിനിധികൾ, പ്രദേശവാസികൾ, തുടങ്ങി നിരവധി



പേർ പരിപാടിയിൽ പങ്കെടുത്തു. നവകേരളം കർമപദ്ധതിയുടെ ഭാഗമായ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ റീബിൽഡ് കേരള ഇനീഷിയേറ്റീവും ഐ.ടി. മിഷനു കീഴിൽ പ്രവർത്തിക്കുന്ന ഐസിഫോസിന്റെയും സഹായത്തോടെ പശ്ചിമഘട്ട പ്രദേശങ്ങളിലെ നീർച്ചാലുകളുടെ ശാസ്ത്രീയ നിർണ്ണയവും, ജനകീയ വീണ്ടെടുപ്പും ലക്ഷ്യം വച്ചുകൊണ്ട് സുരക്ഷിതമാക്കാം പശ്ചിമഘട്ടം എന്ന പേരിൽ സംസ്ഥാനമൊട്ടാകെ 230 തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രവർത്തനം നടന്നു വരുകയാണ്.

# ഹരിത പ്രോട്ടോകോൾ പാലിച്ച് ഭരണങ്ങാനം പള്ളി തിരുന്നാൾ

കോട്ടയം ജില്ലയിലെ ഭരണങ്ങാനം ഗ്രാമപഞ്ചായത്ത് അൽഫോൻസ പള്ളിയുമായി സഹകരിച്ചു പള്ളിയങ്കണത്തിൽ ഹരിത സ്റ്റാൾ സ്ഥാപിച്ചു. ആഘോഷങ്ങളിൽ രൂപപ്പെടുന്ന മാലിന്യങ്ങളെ തരംതിരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുക, പ്ലാസ്റ്റിക്ക് മാലിന്യത്തിന്റെ അളവും ഉപയോഗവും കുറയ്ക്കുക, പുനരുപയോഗിക്കാവുന്ന വസ്തുക്കളുടെ വിപണനം പ്രോത്സാഹിപ്പിക്കുക അതുവഴി മാലിന്യത്തിന്റെ അളവ് കുറയ്ക്കുക എന്നീ ലക്ഷ്യങ്ങൾ മുന്നോട്ടു വച്ചാണ് ഹരിതകേരളം മിഷൻ, ജില്ലാ ശുചിത്വമിഷൻ, കുടുംബശ്രീ, എസ്.ഇ.യു.എഫ്., ഹരിത കർമസേന എന്നിവരുടെ സഹായത്തോടെയായിരുന്നു ഹരിതസ്റ്റാൾ പ്രവർത്തനം. ഹരിതസ്റ്റാളും ജൈവമാലിന്യ സംസ്കരണ ഉപാധികളുടെ പ്രദർശനവും ഭരണങ്ങാനം പള്ളി വികാരി ഫാ. സക്കറിയാ അട്ടപ്പാട്ട് ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് ലിസമ്മ സെബാസ്റ്റ്യൻ അധ്യക്ഷത വഹിച്ചു.

# കൊണ്ടോട്ടി ബ്ലോക്കിൽ സമ്പൂർണ കിണർ റീചാർജിംഗ് പദ്ധതി

വേനലിൽ ജലലഭ്യത ഉറപ്പുവരുത്താൻ സമ്പൂർണ കിണർ റീചാർജിംഗിന് തുടക്കമിട്ടു മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത്. കൊണ്ടോട്ടി ബ്ലോക്കിൽ തയ്യാറാക്കിയ ജലബജറ്റിന്റെ തുടർപ്രവർത്തനമായി സമ്പൂർണ കിണർ റീചാർജിംഗ് ഒന്നാംഘട്ടത്തിന്റെ ഉദ്ഘാടനം പള്ളിക്കൽ ഗ്രാമപഞ്ചായത്തിൽ നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ നിർവഹിച്ചു. ജില്ലയിൽ ഭൂജല വിതാനം ക്രിട്ടിക്കൽ നിലയിലുള്ള കൊണ്ടോട്ടി ബ്ലോക്കിൽ വേനലിൽ ഏറ്റവും കൂടുതൽ ജലക്ഷാമം നേരിടുന്ന പഞ്ചായത്താണ് പള്ളിക്കൽ. 'ഗുഡ് ബൈ ടാങ്കർ വാട്ടർ' എന്നപേരിൽ കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് കിണർ റീചാർജിംഗ് സംവിധാനം നടപ്പിലാക്കുന്നത്. മഴവെള്ളം ഫലപ്രദമായി സംഭരിച്ച് വേനലിലെ ജലക്ഷാമം പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തികൾ നടപ്പാക്കുന്നതിനും ജലസംര



ക്ഷണപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും **KISWAN (Kondotty Initiative to Submerge Water in Earth Abundantly for Next Generation)**എന്ന പേരിൽ പദ്ധതി ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കി വരികയാണ്. ആദ്യഘട്ടമായി പള്ളിക്കൽ ഗ്രാമപഞ്ചായത്തിലെ പതിനെട്ടാം വാർഡിലെ 80 വീടുകളിലെ കിണറുകളാണ് റീചാർജിംഗിൽ ഉൾപെടുത്തിയിട്ടുള്ളത്. ഉദ്ഘാടന ചടങ്ങിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഷെജിനി ഉണ്ണി അധ്യക്ഷയായി.

# എല്ലാ ആശുപത്രികളേയും മാതൃശിശുസൗഹൃദമാക്കി മാറ്റുക ലക്ഷ്യം: മന്ത്രി വീണാ ജോർജ്



സംസ്ഥാനത്തെ എല്ലാ ആശുപത്രികളേയും മാതൃശിശുസൗഹൃദ ആശുപത്രികളാക്കി മാറ്റുകയാണ് ലക്ഷ്യമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. രാജ്യത്ത് ആദ്യമായി മാതൃശിശുസൗഹൃദ ഇനിഷ്യേറ്റീവ് നടപ്പിലാക്കിയ സംസ്ഥാനമാണ് കേരളം. 17 സർക്കാർ ആശുപത്രികളും 27 സ്വകാര്യ ആശുപത്രികളും ഉൾപ്പെടെ 44 ആശുപത്രികൾക്കാണ് മാതൃശിശു സൗഹൃദ ഇനിഷ്യേറ്റീവ് സർട്ടിഫിക്കേഷൻ ലഭിച്ചത്. മുലയൂട്ടൽ പ്രോത്സാഹിപ്പിക്കുന്നതിനും അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യത്തിനു വേണ്ടിയുള്ള ഈ ആശുപത്രികളുടെ പ്രയത്നത്തെ അഭിനന്ദിക്കുന്നതായും മന്ത്രി പറഞ്ഞു. ലോക മുലയൂട്ടൽ വാരാചരണം സംസ്ഥാനതല ഉദ്ഘാടനവും മദർ ആന്റ് ബേബി ഫ്രണ്ട്‌ലി ഹോസ്പിറ്റൽ ഇൻഷ്യേറ്റീവ് സർട്ടിഫിക്കറ്റ് വിതരണവും നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. ഭവന കേന്ദ്രീകൃതമായ ഹോം ബേസ്ഡ് ചൈൽഡ്കെയർ പ്രോഗ്രാം എന്ന പേരിൽ മറ്റൊരു അഭിമാനകരമായ പരിപാടി കൂടി കേരളം നടപ്പിലാക്കാൻ ഒരുങ്ങുകയാണ്. ആദ്യ ആഴ്ച മുതൽ ഒന്നര വയസ് വരെയുള്ള കുട്ടികൾക്കായി ആശാവർക്കർമാരിലൂടെ നടത്തുന്ന കേന്ദ്രീകൃത ഭവന സന്ദർശനമാണ് ഈ പരിപാടി വിഭാവനം ചെയ്യുന്നത്. വളർച്ചയും വികാസവും നിരീക്ഷിക്കുന്നതിന് പുറമേ, മുലയൂട്ടൽ പ്രോത്സാഹിപ്പിക്കാനും അമ്മയുടെയും കുഞ്ഞിന്റേയും ക്ഷേമം ഉറപ്പാക്കാനും ഈ പദ്ധതി ലക്ഷ്യമിടുന്നതായി മന്ത്രി പറഞ്ഞു.

## കുളിർമ പദ്ധതിയിൽ സാഫി കോളേജിൽ പച്ചത്തുരുത്ത്



കാർബൺ ന്യൂട്രൽ ലക്ഷ്യമിട്ടു കൊണ്ട് കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കുന്ന കുളിർമ (Kondotty Unite for Level up Intensively Refined Moisture in Atmosphere) ഹരിതകേരളം മിഷൻ പദ്ധതിയായ പച്ചത്തുരുത്ത് എന്നിവയിലുൾപ്പെടുത്തിയ പ്രവർത്തനങ്ങളും സംസ്ഥാന കോർഡിനേറ്റർ നേരിൽകണ്ടു വിലയിരുത്തി. നെറ്റ്സീറോ കാർബൺ പഞ്ചായത്താക്കുന്നതിനു തിരഞ്ഞെടുത്ത വാഴയൂരിലെ സാഫി കോളേജിൽ ഒരുക്കിയ നക്ഷത്ര വനം, ഹെർബൽ ഗാർഡൻ എന്നിവ സന്ദർശിക്കുകയും വിദ്യാർത്ഥികൾക്കായി പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം സംബന്ധിച്ച സന്ദേശം കൈമാറുകയും ചെയ്തു. കോളേജ് കാമ്പസിൽ നടന്ന പരിപാടിയിൽ പ്രിൻസിപ്പാൾ, അധ്യാപകർ, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു. ‘ സാഫിക്കൊരു പച്ചത്തുരുത്ത്’ പദ്ധതിയിൽ കാമ്പസിനകത്തു ഡോ. ടി.എൻ. സീമ വൃക്ഷത്തൈ നട്ടു.

## മാലിന്യ കൂമ്പാരത്തിൽനിന്നും കിട്ടിയ സ്വർണമോതിരം തിരിച്ച നൽകി ഹരിത കർമസേന മാതൃകയായി

പാഴ്വസ്തു ശേഖരണത്തിനിടെ കിട്ടിയ സ്വർണ മോതിരം ഉടമസ്ഥന് തിരിച്ചു നൽകി ഹരിത കർമസേന മാതൃകയായി. അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനിടെ മാലിന്യം നിറച്ച ചാക്കിൽ നിന്ന് ലഭിച്ച മോതിരം അപ്പോൾ തന്നെ കോഴിക്കോട് കോർപ്പറേഷനിലെ സൗത്ത് കൺസോർഷ്യത്തിലെ ഹരിത കർമസേനാംഗങ്ങൾ ഉടമക്ക് തിരിച്ചു നൽകി. നടുവട്ടം അമ്പതാം വാർഡിൽ അജൈവ മാലിന്യം വീടുകളിൽ നിന്ന് ശേഖരിക്കുന്നതിനിടെയാണ് ഹരിത കർമസേനാംഗങ്ങളായ തനൂജക്കും ബേബിക്കും മോതിരം കിട്ടിയത്. വീട്ടിൽ മാലിന്യ കൂമ്പാരം നിറച്ച ചാക്കിലായിരുന്നു സ്വർണ മോതിരം.

Chief Editor : Dr. T.N.Seema, State Coordinator, Navakeralam Karmapadhathi 2
Editorial Team : T.P. Sudhakaran, Asst. Cordinator | B. Manoj, Public Relations Officer | Anu Liya Jose, Young Professional | Archana Shaji, Young Professional
Design & Layout : Fousia P A, Graphic Designer; Content Contribution : District Mission Teams, Navakeralam Karmapadhathi 2
Published by Navakeralam Karmapadhathi 2, Statue, Trivandrum 01
Website : https://nkp.kerala.gov.in